പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2968 — 07.11.2019-ൽ മറുപടിക്ക്

## ദേശീയപാത വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടി

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കരമന-കളിയിക്കാവിള ഹൈവെയിലെ ബാലരാമപുരം-വഴിമുക്ക വരെയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) റവന്യൂ അധികൃതരുടെ നേതൃത്വത്തിൽ സാമൂഹ്യ ആഘാത പഠനം പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പുകളുടെ സംയുക്ത സ്ഥല പരിശോധന ഉടൻ നടത്തുന്നതാണ്. |
| (ബി) വഴിമുക്ക മുതൽ കളിയിക്കാവിള വരെ ഉള്ള സ്ഥലം ഏറ്റെടുക്കുന്നതിന്റെ നിലവിലെ അവസ്ഥ എന്താണെന്നറിയിക്കാമോ; ഈ പ്രദേശത്തെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) വഴിമുക്ക - കളിയിക്കാവിള സ്ട്രെച്ചിന്റെ കരട് അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. സർവ്വേ ചെയ്തു കഴിഞ്ഞു. ഇനി ഐ.ആർ.സി മാനദണ്ഡ പ്രകാരം ടി റോഡുകളുടെ സർവ്വേ കൂടി പരിശോധിച്ച് ആയത് പരിഗണിക്കാൻ കഴിയുമോ എന്ന് ഉറപ്പുവരുത്തി പ്രസ്തുത അലൈൻമെന്റ് അംഗീകരിക്കുന്ന നടപടികളിലേക്ക് കടക്കുന്നതാണ്. |
| (സി) ദേശീയപാത ഏറ്റെടുക്കൽ നടപടി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) ബാലരാമപുരം - വഴിമുക്ക് സ്ട്രെച്ച് എൽ.എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ ഏറ്റെടുക്കാവുന്നതാണ്.<br>വഴിമുക്ക് - കളിയിക്കാവിള സ്ട്രെച്ചിന്റെ അലൈൻമെന്റ് അംഗീകരിച്ച് എൽ.എ ആക്ട് അനുസരിച്ചുള്ള വിവിധ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് അതിരു കല്ലുകൾ സ്ഥാപിച്ച് സാമൂഹികാഘാതപഠനവും നടത്തിയ ശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ